പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 5206 24.10.2011- ലെ മറുപടി

പുതിയ ബസ്സുകൾ

ചോദ്യം

ഉത്തരം

ശ്രീ. സി. കൃഷ്ണൻ
ശ്രീ. ആർ. സെൽവരാജ്
ശ്രീമതി പി. അയിഷാ പോറ്റി

ശ്രീ. വി. എസ്. ശിവകുമാർ
ഗതാഗതവും ദേവസ്വവും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം കെ.എസ്.ആർ.ടി.സി: പുതുതായി എത്ര ബസ് റോഡിലിറക്കിയിട്ടുണ്ട്; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം കെ.എസ്.ആർ.ടി.സി: പുതുതായി ബസ്സുകൾ ഒന്നുംതന്നെ റോഡിൽ ഇറക്കിയിട്ടില്ല. 500 ചേസ്സിസ്സുകൾക്ക് പർച്ചേയ്സ് ഓർഡർ നൽകി കഴിഞ്ഞു. ചേസ്സിസ്സുകൾ ഉടൻ ലഭിക്കുമെന്നും നവംബർ മാസത്തോടെ പുതിയ ബസ്സുകൾ നിരത്തിലിറക്കാൻ സാധിക്കുമെന്നും പ്രതീക്ഷിക്കുന്നു. |
| (ബി) | കെ.എസ്.ആർ.ടി.സി. ക്ക് പുതിയ എത്ര ബസ് ആവശ്യമാണ്; | (ബി) | നിലവിലുള്ള 5,558 ഷെഡ്യൂളുകൾ ഓപ്പറേറ്റ് ചെയ്യുന്നതിന് 8-ന് ഒന്ന് എന്ന നിരക്കിൽ സ്പെയർ ബസ്സുകൾ ഉൾപ്പെടെ 5,975 ബസ്സുകൾ ആവശ്യമാണ്. JnNURM ബസ്സുകൾ ഉൾപ്പെടെ ഇപ്പോൾ കെ.എസ്.ആർ.ടി.സി.ക്ക് 5,932 ബസ്സുകളുണ്ട്. ബാക്കി 43 ബസ്സുകളുടെ കുറവാണ് നിലവിലുള്ളത്. 292 ബസ്സുകൾ പ്രായാധിക്യം കാരണം സമീപഭാവിയിൽ തന്നെ സ്ക്രാപ്പ് ചെയ്യേണ്ടതായിവരും, ആയതിനാൽ ആകെ (292 + 43) 335 ബസ്സുകൾ ആവശ്യമാണ്. |
| (സി) | പുതിയ ബസ് വാങ്ങുന്നതിനുള്ള പണം കണ്ടെത്തിയിട്ടുണ്ടോ; | (സി) | 2011-12 വർഷത്തിൽ 1,000 ബസ്സുകൾ നിരത്തിലിറക്കുന്നതിന്റെ ആദ്യഘട്ടത്തിൽ 500 ബസ്സുകൾ നിരത്തിലിക്കുന്നതിലേക്കായി 70 കോടി രൂപ ഹഡ്കോയിൽ നിന്ന് വായ്പയെടുക്കുന്നതിലേക്കായുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | മുൻ സർക്കാരിന്റെ കാലത്ത് കെ.എസ്.ആർ.ടി.സി റോഡിലിറക്കിയ പുതിയ ബസ്സുകൾ മൊത്തം എത്രയായിരുന്നു? | (ഡി) | മുൻ സർക്കാരിന്റെ കാലത്ത് കെ.എസ്.ആർ.ടി.സി 2,725 പുതിയ ബസ്സുകൾ നിരത്തിലിറക്കിയിട്ടുണ്ട്. കൂടാതെ JnNURM പദ്ധതിപ്രകാരം 205 ബസ്സുകളും നിരത്തിലിറക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ